MONDAY 25-07-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/07/2022.

1. പ്രധാനമന്ത്രി ബസൽ ബീമാ യോജനയിലും കാലാവസ്ഥ ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷ്വർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലെയും വാഴയും മരിച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചോളം, റാഗി, തിന മുതലായ ചെറു ധാന്യങ്ങൾ, പച്ചക്കറികൾ എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സീസൺ കഴിഞ്ഞ് സർക്കാർ സമർപ്പിക്കുന്ന പഞ്ചായത്ത് തലത്തിലുള്ള വിളവിന്റെ ഡാറ്റാ പ്രകാരമാണ് പ്രധാനമായും തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ സീസൺ കഴിഞ്ഞ് കാലാവസ്ഥാ നിലയങ്ങളിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥ ഡാറ്റാ പ്രകാരമാണ് പ്രധാനമായും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. കൂടാതെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ശക്തിയായ കാറ്റ് (വാഴ, ജാതി, കവുങ്ങ്, കുരുമുളക്, ഏലം, കൊക്കോ എന്നീ വിളകൾക്ക് മാത്രം) എന്നിവ കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. വിളയുടെ വളർച്ചഘട്ടത്തെ അടിസ്ഥാനമാക്കി ജോയിൻ കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആയിരിക്കും നഷ്ടപരിഹാര നിർണ്ണയം. ഇപ്രകാരമുള്ള നഷ്ടപരിഹാര നിർണ്ണയം പ്രധാനമന്ത്രി ഇൻഷുറൻസ് പദ്ധതിയിൽ വെള്ളപ്പൊക്കം കൊണ്ടുണ്ടാകുന്ന വിള

നഷ്ടങ്ങൾക്ക് വാഴയ്ക്കും മരിച്ചീനിക്കും ലഭ്യമാണ്. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് നഷ്ടം സംഭവിച്ചാൽ 72 മണിക്കൂറിനുള്ളിൽ വായ്പ എടുത്ത ബാങ്കിനെയോ കൃഷിഭവനെയോ എഐസി യെ നേരിട്ടോ കർഷകർ മേഖാമൂലം അറിയിക്കേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ നഴ്സറിയിൽ **മോഹിത് നഗർ ഇനത്തിൽപ്പെട്ട അടയ്ക്ക തൈകൾ** ഒരു തൈക്കു 35 രൂപ നിരക്കിലും വേര് പിടിപ്പിച്ച **പന്നിയൂർ-1 കുരുമുളക് തൈകൾ** ഒരു തൈക്കു 10 രൂപ നിരക്കിലും വിൽപനയ്ക്കു തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് വിൽപന വിഭാഗത്തിൽ നിന്ന് ഇവ വാങ്ങിയ്ക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **0487-2438622** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

**4.** സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ 23-നും 35-നും ഇടയ്ക്ക് പ്രായപരിധിയുള്ള ബി.വി.എസ്.സിയോ എം.വി.എസ്.സിയോ വിദ്യാഭ്യാസ യോഗ്യതയുള്ള വെറ്ററിനറി ഡോക്ടർമാരെ ഒരു വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. വിശദമായ ബയോഡേറ്റ ഈ മാസം 30-ന് (ജൂലൈ 30) 5.00 മണിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടിസി 30/697, പേട്ട, തിരുവനന്തപുരം - 695024 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446364116** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **26-ന്** (ജൂലൈ 26) കാൽസെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള **ഹൈടെക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. ഗ്രോബാഗ് കൃഷി, തിരിനന സംവിധാനം തയ്യാറാക്കൽ, 35 മുതൽ 45 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിംഗ്, 30 മുതൽ 35 ചെടികൾ വരെ നടാവുന്നതും വെർമി വാഷും, വെർമി കംമ്പോസ്റ്റും ലഭ്യമാക്കുന്നതുമായ മൾട്ടി

ടയർ ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം ഉണ്ടാക്കൽ, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറി ചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം വിവിധ വിളകളുടെ പരിപാലനം, ജൈവ-ജീവാണു വളങ്ങളുടേയും/കീടനാശിനികളുടേയും ഉപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് (ജൂലൈ 27) രാവിലെ 10 മണി മുതൽ 4 മണി വരെ **കാട വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ **മാസം 26,27 തീയതികളിൽ മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ **04829–234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് (ജൂലൈ 27) **ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0479–2449268, 2959268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

9. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

വള്ളിപ്പയറിന്റെ കരിമ്പൻ കേടിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പയറിന്റെ തണ്ടുകളിൽ കറുത്ത പൊട്ടുകളുണ്ടായി ക്രമേണ ഇലകൾ മഞ്ഞളിക്കുകയും പൊഴിഞ്ഞു പോവുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇത് ഒരു മഴക്കാല രോഗമാണ്. ഇതിനെ പ്രതിരോധിക്കുന്നതിന് സ്യൂഡോമോണാസ് ബാക്ടീരിയപ്പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിലും തണ്ടുകളിലും തളിക്കുന്നത്

ഫലപ്രദമാണ്. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾഹെക്സാകൊണാസോൾ (കോൺടാഫ്) 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുന്നത് വഴി നിയന്ത്രിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം